# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1631.

08-06-2018 ൽ മറുപടിയ്ക്ക്

## നെൽകൃഷിക്കായി പ്രത്യേക കാർഷിക മേഖല

**ചോദ്യം**

ശ്രീ.കെ.വി.വിജയദാസ്
ശ്രീമതി യു. പ്രതിഭ ഹരി
ശ്രീ.യു. ആർ. പ്രദീപ്
,, എം. രാജഗോപാലൻ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ സംസ്ഥാനാവശ്യത്തിന്റെ പത്തു ശതമാനത്തിൽ താഴെ മാത്രം നെല്ല് ഉത്പാദിപ്പിച്ചിരുന്ന ആപൽക്കരമായ സ്ഥിതിയും കുടിവെള്ള ലഭ്യത, ആരോഗ്യകരമായ ഭക്ഷ്യക്രമം എന്നിവയും കൂടി കണക്കിലെടുത്ത് നെല്ല് ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കാൻ സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി സൃഷ്ടിക്കാനായ നേട്ടം വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ എത്തുമ്പോൾ സംസ്ഥാനത്തെ നെൽകൃഷി വിസ്തൃതി 196870 ഹെക്ടറും ഉല്പാദനം 549275 ടൺ അരിയുമായിരുന്നു. (അഗ്രിക്കൾച്ചറൽ സ്റ്റാറ്റിസ്റ്റിക്സ് 2015-16) നെല്ലിന്റെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു സർക്കാർ സ്വീകരിച്ച നടപടികളുടെയും അതിന്മേൽ നടത്തിയ കൃത്യമായ ഇടപെടലിന്റെയും ഫലമായി 2017-18 വർഷാന്ത്യത്തോടെ വിസ്തൃതി 220449 ഹെക്ടർ ആക്കുവാനും ഉല്പാദനം 617260 ടൺ അരി ആക്കുവാനും സാധിച്ചു. |
| (ബി) | നെൽകൃഷി ആകർഷകമല്ലാതായിരിക്കുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; പ്രശ്ന പരിഹാരത്തിനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്.<br>ഭൂവുടമകൾ തൊഴിലാവശ്യങ്ങൾക്കായി പട്ടണങ്ങളിലേക്ക് താമസം മാറ്റിയത്, വർദ്ധിച്ച കൂലിച്ചെലവ്, വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഗുണമേന്മയുള്ള ഉല്പാദനോപാധികൾ, യന്ത്രോപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കൽ, ജലാഗമന നിർഗ്ഗമനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, നെല്പാടം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തൽ, വിപണനത്തിൽ |

| | | | |
|---|---|---|---|
| | | | നേരിടുന്ന ബുദ്ധിമുട്ടുകൾ, മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടം എന്നിങ്ങനെ നിരവധി സാങ്കേതിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണമാണ് നെൽകൃഷി ആകർഷകമല്ലാതായത്. |
| (സി) | നെൽകൃഷിക്കായി പ്രത്യേക കാർഷിക മേഖല കൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടവും അതിനായി നടത്തി വരുന്ന പ്രവർത്തനങ്ങളും വിശദമാക്കാമോ? | (സി) | സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണി വരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടികൊടുക്കുവാനുമാണു ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്.<br>കൃഷിവകുപ്പും തദ്ദേശ സ്വയംഭരണ വകുപ്പും നടപ്പിലാക്കി വരുന്ന വിവിധ നെൽകൃഷി വികസന പദ്ധതികളുടെ സംയോജനം ഈ പദ്ധതി പ്രദേശത്ത് വിഭാവനം ചെയ്യുന്നു. കൂടാതെ നെല്ലുല്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായി വരുന്ന പശ്ചാത്തല സൗകര്യ വികസനത്തിനും നിർണ്ണായക പ്രാധാന്യമുള്ള മറ്റ് അടിയന്തിര ഇടപെടലുകൾക്കുമായി വിനിയോഗിക്കുവാൻ പ്രത്യേക കാർഷിക മേഖലാ പദ്ധതിയിലും തുക വകയിരുത്തിയിട്ടുണ്ട്.<br>നെൽ കൃഷിക്കായി ഏഴു പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട് എന്നിവയാണ്. |

**സെക്ഷൻ ഓഫീസർ**